| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പത്താം സമ്മേളനം | |
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3485 | 29.01.2014-ൽ മറുപടിക്ക് |
| **സാമൂഹ്യനീതി വകുപ്പിലെ ജീവനക്കാരുടെ സർവ്വീസ് പ്രശ്നങ്ങൾ** | |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.സി.മോയിൻകുട്ടി | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പിലെ ജീവനക്കാരുടെ സർവ്വീസ് പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയമിച്ച കമ്മീഷന്റെ ശുപാർശകളടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) | റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | കമ്മീഷൻ ശുപാർശകൾ നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | (ബി) | കമ്മീഷൻ ശുപാർശകൾ സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ വകുപ്പിലെ വിശേഷാൽ ചട്ടങ്ങളിൽ ചില ഭേദഗതികൾ വരുത്തുകയുമുണ്ടായി. |
| (സി) | ശിശു വികസന പദ്ധതി ഓഫീസർ, ഉപശിശു വികസന പദ്ധതി ഓഫീസർ എന്നീ തസ്തികകളിൽ മിനിസ്റ്റീരിയൽ വിഭാഗത്തിന് 20% സംവരണം നടപ്പാക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിൻമേൽ തീരുമാനം കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | മിനിസ്റ്റീരിയൽ വിഭാഗത്തിന് 20% സംവരണം നടപ്പാക്കണമെന്ന് കമ്മീഷൻ ഉപാധികളോടെ ശുപാർശ ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിച്ചെങ്കിലും മിനിസ്റ്റീരിയൽ വിഭാഗത്തിന് 20% സംവരണമെന്ന ശുപാർശ നടപ്പാക്കാൻ തീരുമാനിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | 2002-ൽ ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിൽ വനിതാ സംവരണം ഏർപ്പെടുത്തിയെങ്കിലും 2010-ൽ സ്പെഷ്യൽ റൂൾ ഉണ്ടാക്കിയപ്പോൾ മിനിസ്റ്റീരിയൽ വിഭാഗം വനിതകളെ ഒഴിവാക്കി സൂപ്പർവൈസർ വനിതകളെന്നും മിനിസ്റ്റീരിയൽ വനിതകളെന്നും രണ്ടായി തിരിച്ച് വിഭാഗീയത ഉണ്ടാക്കിയതായുള്ള പരാതി പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | ശിശു വികസന പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി പ്രസ്തുത മേഖലയിലുള്ള പ്രവർത്തി പരിചയം കണക്കിലെടുത്താണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ ഉൾപ്പെടെയുള്ള ഇതുമായി ബന്ധപ്പെട്ട തസ്തികകളിലെ ജീവനക്കാർക്ക് ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചുകൊണ്ട് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**